# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.41 | 28.02.2017- ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>,, വി.എസ്.ശിവകുമാർ<br>,, കെ.മുരളീധരൻ<br>,, വി.പി.സജീന്ദ്രൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിൽ സംസ്ഥാനങ്ങൾക്ക് വിപുലമായ അധികാരങ്ങൾ ഉറപ്പാക്കുവാൻ സർക്കാർ ഇടപെടൽ കൊണ്ട് കഴിഞ്ഞിട്ടുണ്ടോ; | (എ) & (ബി) | ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങളുടെ ധനകാര്യ മന്ത്രിമാർക്ക് അഭിപ്രായം രേഖപ്പെടുത്തേണ്ട വേദിയായ ജി.എസ്.റ്റി കൗൺസിലിൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ ശക്തമായ സമ്മർദ്ദത്തെ തുടർന്ന്, കേന്ദ്ര സർക്കാർ ആദ്യ നിലപാട് മാറ്റുകയും ഒന്നരക്കോടി രൂപയിൽ താഴെ വിറ്റുവരവുള്ള ഡീലർമാരുടെ ഫയലുകൾ 9:1 എന്ന അനുപാതത്തിൽ സംസ്ഥാന – കേന്ദ്ര സർക്കാരുകൾക്കും ഒന്നരക്കോടി രൂപക്ക് മുകളിൽ വിറ്റുവരവുള്ള വ്യാപാരികളുടെ ഫയലുകൾ 1:1 എന്ന അനുപാതത്തിൽ സംസ്ഥാന കേന്ദ്ര സർക്കാരുകൾക്കും അഡ്മിനിസ്റ്റർ ചെയ്യാനുള്ള അധികാരം നല്കാം എന്ന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സി.ജി.എസ്.റ്റി (CGST, ജി.എസ്.റ്റി (GST), എസ്.ജി.എസ്.റ്റി (SGST), ഐ.ജി.എസ്.റ്റി (IGST) ഫയലുകൾ കൈകാര്യം ചെയ്യാനുള്ള അധികാരം സംസ്ഥാനങ്ങൾക്കും വേണമെന്ന |
| (ബി) | ഉണ്ടെങ്കിൽ എന്തൊക്കെ അധികാരങ്ങളാണ് ഉറപ്പാക്കുവാൻ സാധിച്ചതെന്നും ഇതുമൂലം സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ആവശ്യവും കേരളം മറ്റ് സംസ്ഥാനങ്ങൾക്കൊപ്പം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. നിയമ നിർമ്മാണവുമായി ബന്ധപ്പെട്ട തുടർ ചർച്ച നടന്നുവരുന്നു. |

**സെക്ഷൻ ഓഫീസർ**